ഉത്തരം

(എ), (ബി) & (സി) വിവിരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കോടതിയലക്ഷ്യകേസുകൾവരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ വകുപ്പദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ഇപ്പോൾത്തന്നെ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട്, പ്രത്യേകമായി നിർദ്ദേശങ്ങൾ ഇപ്പോൾ നൽകേണ്ടതുണ്ടെന്ന് കരുതുന്നില്ല.

പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത സംരംഭങ്ങൾ

2 [1517] ശ്രീ. കെ. ബാബു :

„ ടി. വി. ചന്ദ്രമോഹൻ :

„ ടി. യു. രാധാകൃഷ്ണൻ :

„ പി. ടി. തോമസ് :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഈയിടെ സംസ്ഥാനം സന്ദർശിച്ചപ്പോൾ എന്തെല്ലാം സംരംഭങ്ങളുടെ ഉദ്ഘാടനമാണ് നിർവ്വഹിച്ചത് ;

(ബി) ഇവയ്ക്ക് എന്തുതുകയുടെ നിക്ഷേപം ഉണ്ടാകുമെന്ന് കരുതുന്നു ;

(സി) ഇവയിൽ എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കും ?

ഉത്തരം

(എ) കൊച്ചി വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിന്റെ തറക്കല്ലിടൽ ചടങ്ങും കായംകുളം നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ രണ്ടാം ഘട്ട വികസനത്തിന്റെ തറക്കല്ലിടൽ ചടങ്ങും നിർവഹിച്ചു.

(ബി) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണത്തിന് 2178 കോടി രൂപയുടെയും കായംകുളം എൻ.ടി.പി.സി. താപനിലയ വികസനത്തിന് 6600 കോടി രൂപയുടെയും നിക്ഷേപമുണ്ടാകുമെന്നാണ് കരുതുന്നത്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ വകയായി ചെന്നൈയിലുള്ള ഭൂമി

3 [1518] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വകയായി ചെന്നൈയിൽ എത്ര ഏക്കർ ഭൂമിയും കെട്ടിടങ്ങളും സ്വന്തമായുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവയിൽ എത്ര ഭൂമിയും കെട്ടിടങ്ങളും പാട്ടത്തിന് നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly